**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3452

08.11.2019 ൽ മറുപടിക്ക്.

**വല്ലാർപാടം ദ്വീപുസംരക്ഷണ പ്രവൃത്തി**

**ചോദ്യം**
ശ്രീ. എസ്. ശർമ്മ

**മറുപടി**
ശ്രീ. എ.സി.മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ജിഡ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന വല്ലാർപാടം ദ്വീപുസംരക്ഷണ പ്രവൃത്തിയും ബണ്ടുറോഡ് നിർമ്മാണവും പൂർത്തീകരിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) (ബി) (സി) & (ഡി) വല്ലാർപാടം ഔട്ടർ ബണ്ടിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ടി ഔട്ടർ ബണ്ടിന്റെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിച്ചതു പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിൻ പ്രകാരം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കേണ്ടതിനാലാണ് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തി നടപ്പാക്കുന്നതിന് മറ്റു തടസ്സങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ കാലാവധി എന്നുവരെയെന്ന് വ്യക്തമാക്കാമോ; | |
| (സി) നിർമ്മാണം നടത്തുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ; | |
| (ഡി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | |

Manjulal

സെക്ഷൻ ഓഫീസർ